സപ്ലൈകോയിലെ തസ്തികകൾ

215(3099) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ വന്ന സപ്ലൈകോ ഔട്ട് ലെറ്റുകൾ എത്ര; ഇതിന് ആനുപാതികമായി സപ്ലൈകോയിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ എത്രയെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടെ പുതിയതായി നിയമിച്ച അസിസ്റ്റന്റ് സെയിൽസ്മാൻമാർ എത്ര; അതിൽ എത്ര പേർ ഇപ്പോഴും തുടരുന്നുണ്ട്; ഒന്നിൽക്കൂടുതൽ ഔട്ട് ലെറ്റുകളുടെ ചാർജ് വഹിക്കുന്ന എത്ര ജീവനക്കാർ ഉണ്ട്; ഇവർക്ക് ചാർജ് അലവൻസ് നൽകിയിട്ടുണ്ടോ;

(സി) നിലവിൽ സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ കോർപ്പറേഷൻ സ്റ്റാഫിന് പ്രൊമോഷൻ നൽകാനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ഓപ്ഷൻ നൽകാനുള്ള തീരുമാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കിയോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കോൺട്രിബ്യൂട്ടറി പെൻഷൻ സപ്ലൈകോയിൽ നടപ്പിലാക്കി തുടങ്ങിയോ; വിശദമാക്കുമോ;

(ജി) പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് പ്രകാരം പുതിയതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; വ്യക്തമാക്കുമോ; സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച ബിഹുകുമാർ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവിൽ വന്ന സപ്ലൈകോ ഔട്ട് ലെറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(ബി) പുതിയതായി നിയമിച്ച അസിസ്റ്റന്റ് സെയിൽസ്മാൻമാരുടെ എണ്ണം 2032 ആണ്. ആയതിൽ 960 പേർ ഇപ്പോഴും തുടരുന്നുണ്ട്. ഒന്നിൽ കൂടുതൽ ഔട്ട് ലെറ്റുകളുടെ ചാർജ് വഹിക്കുന്ന 55 ജീവനക്കാർ ഉണ്ട്; ഇവർക്ക് ചാർജ് അലവൻസ് നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തടസ്സമൊന്നുമില്ല.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഇല്ല. കോമൺ സർവ്വീസ് റൂൾ നടപ്പിലാക്കുന്നതിനുള്ള കരട് ചട്ടം സപ്ലൈകോ മാനേജിംഗ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(എഫ്) സപ്ലൈകോ ജീവനക്കാർക്കായി നാഷണൽ പെൻഷൻ സ്കീം (NPS) നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

(ജി) സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടില്ല.

ഭക്ഷ്യസുരക്ഷാ പദ്ധതി

216(3101) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കാത്തതുമൂലം എ.പി.എൽ. സബ്സിഡി നഷ്ടമാകാൻ ഇടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കേന്ദ്രം നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം കേന്ദ്രത്തെ യഥാസമയം അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നാല് കാര്യങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly